LIBRARY ARCHIVES Kerala Legislative Assembly

**ചൂർണിക്കര വില്ലേജ് ഓഫീസ് നിർമ്മിക്കുന്നതിന് ഭൂമി കൈമാറ്റം**

251 (1000) ശ്രീ. അൻവർ സാദത്ത്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ വകുപ്പിൽനിന്നും ആലുവ ഐ.ഐ.ടി.-ക്ക് ലീസിന് കൊടുത്തിട്ടുള്ള ഭൂമിയിൽനിന്നും പത്ത് സെന്റ് ഭൂമി ചൂർണിക്കര വില്ലേജ് ഓഫീസ് നിർമ്മിക്കുന്നതിനുവേണ്ടി കൈമാറി നൽകുവാൻ നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇത് സംബന്ധിച്ച് എറണാകുളം ജില്ലാ കളക്ടർ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ എന്നറിയിക്കുമോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ?

(എ&ബി) ആലുവ താലൂക്ക്, ചൂർണ്ണിക്കര വില്ലേജ്, ബ്ലോക്ക്-34, റീസർവ്വെ 196/4-ൽപ്പെട്ട 3.16.00 ഹെക്ടർ സ്ഥലം Forest Industries Travancore Ltd (FIT) -ന്റെ പേരിൽ പാട്ടത്തിന് കൊടുത്തിട്ടുള്ളതും പ്രസ്തുത ഭൂമിയുടെ തെക്ക് ഭാഗത്തായി നാഷണൽ ഹൈവേയിൽനിന്നും ഏകദേശം 50 മീറ്റർ പടിഞ്ഞാറ് മാറി 8.10 ആർ സ്ഥലം ചൂർണിക്കര വില്ലേജോഫീസിന് പുതിയ കെട്ടിടം പണിയുന്നതിലേയ്ക്കായി കണ്ടെത്തിയിട്ടുള്ളതാണെങ്കിലും ആയതിന്റെ സ്ഥലപരിശോധന മാത്രമാണ് നടന്നിട്ടുള്ളത്. ഈ വിഷയവുമായി ബന്ധപ്പെട്ട് ജില്ലാ കളക്ടർ റിപ്പോർട്ടുകളൊന്നും സർക്കാരിലേയ്ക്ക് സമർപ്പിച്ചിട്ടില്ല.

**പാട്ടഭൂമിയും പാട്ടക്കുടിശ്ശികയും**

252 (1001) ശ്രീ. എ. പി. അനിൽ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ സ്ഥാപനങ്ങളും വ്യക്തികളും പാട്ടത്തിന് കൈവശം വച്ചിരിക്കുന്ന ഭൂമിയിൽ പാട്ടവ്യവസ്ഥ ലംഘിച്ചതും പാട്ടക്കാലാവധി കഴിഞ്ഞതുമായ ഭൂമി തിരിച്ചുപിടിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്?

സംസ്ഥാനത്ത് വിവിധ സ്ഥാപനങ്ങളും വ്യക്തികളും പാട്ടത്തിന് കൈവശം വച്ചിരിക്കുന്ന ഭൂമിയിൽ പാട്ടവ്യവസ്ഥകൾ ലംഘിച്ചിട്ടുള്ളതും പാട്ടക്കാലാവധി കഴിഞ്ഞതുമായ കേസുകളിൽ കേരള ഭൂസംരക്ഷണ നിയമപ്രകാരമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) 31-3-2021-ലെ കണക്കുപ്രകാരം പാട്ടക്കുടിശ്ശികയായി പിരിഞ്ഞു കിട്ടുവാനുള്ള തുക എത്രയാണ്; പ്രസ്തുത തുക പിരിച്ചെടുക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഏറ്റവും കൂടുതൽ പാട്ടക്കുടിശ്ശിക വരുത്തിയിട്ടുള്ള വ്യക്തി/സ്ഥാപനം ഏതാണ്?

വിവരം ശേഖരിച്ചുവരുന്നു.

(സി) മുൻ സർക്കാരിന്റെ കാലയളവിൽ പാട്ടക്കുടിശ്ശിക ഒറ്റത്തവണ തീർപ്പാക്കുന്നതിനായി ബജറ്റിൽ പ്രഖ്യാപിച്ചിരുന്ന പദ്ധതി വിജയപ്രദമായിരുന്നോ; ആയത് പ്രകാരം എത്ര ലക്ഷം രൂപ പിരിഞ്ഞ് കിട്ടിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി വിജയകരമായിരുന്നു. ആയതുപ്രകാരം 1,94,35,908 രൂപ (ഒരു കോടി തൊണ്ണൂറിനാല് ലക്ഷത്തി മുപ്പത്തയ്യായിരത്തി തൊള്ളായിരത്തി എട്ട് രൂപ മാത്രം) പിരിഞ്ഞ് കിട്ടിയിട്ടുണ്ട്.

**റീസർവ്വെ നടപടികൾ**

253 (1002) ശ്രീ. മുരളി പെരുനെല്ലി:
ശ്രീ. പി. പി. സുമോദ്:
ശ്രീമതി ഒ. എസ്. അംബിക:
ശ്രീ. പി. വി. ശ്രീനിജിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ എത്ര വില്ലേജുകളുടെ റീസർവ്വെ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ടെന്നതിന്റെ കണക്ക് ലഭ്യമാണെങ്കിൽ നൽകുമോ?

സംസ്ഥാനത്ത് ആകെയുള്ള 1665 വില്ലേജുകളിൽ 909 വില്ലേജുകളുടെ റീസർവ്വെ പൂർത്തിയാക്കി റിക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറിയിട്ടുള്ളതും ശേഷിക്കുന്ന 756 വില്ലേജുകളിൽ 29 വില്ലേജുകളുടെ റീസർവ്വെ പ്രവർത്തനങ്ങൾ നിലവിൽ പുരോഗതിയിലുമാണ്.

(ബി) റീസർവ്വെ നടപടികൾ സമയബന്ധിതമായി പൂർത്തീകരിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്തെ മുഴുവൻ വില്ലേജുകളുടെയും റീസർവ്വെ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനാണ് വകുപ്പ് ലക്ഷ്യമിടുന്നത്. ജീവനക്കാരുടെയും സർവ്വെ ഉപകരണങ്ങളുടെയും കുറവ് റീസർവ്വെ പ്രവർത്തനങ്ങളുടെ പുരോഗതിയെ ബാധിക്കുന്നുണ്ട്. സർവ്വെ ഉപകരണങ്ങളുടെ കുറവ് പരിഹരിക്കുന്നതിന് ആധുനിക സർവ്വെ സാങ്കേതിക വിദ്യയായ Continuously Operating Reference Station (CORS) നെറ്റ്‌വർക്ക് സംസ്ഥാനത്ത് സ്ഥാപിക്കുന്നതിനും Real-time kinematic positioning (RTK) ഉപകരണങ്ങളുടെ സഹായത്താൽ സർവ്വെ ജോലികൾ ത്വരിതപ്പെടുത്തുന്നതിനും ലക്ഷ്യമിടുന്നു. ടി സാങ്കേതികവിദ്യയിൽ കൂടുതൽ പരിജ്ഞാനമുള്ള സർവ്വെ ഓഫ് ഇന്ത്യ മുഖേന ഇത് സംസ്ഥാനത്ത് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ജീവനക്കാരുടെ കുറവിന് പരിഹാരമായി വകുപ്പിലെ ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിൽ ലൈസൻസ്ഡ് സർവ്വെയർമാരുടെ സേവനം വിനിയോഗിച്ച് റീസർവ്വെ നടപടികൾ ത്വരിതപ്പെടുത്തുന്നതിനുള്ള പദ്ധതിയും പരിഗണനയിലുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly